**Kerala Catholic Bishops' Council (KCBC)**

Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

19.8.2016

All Kerala Press Release
*Ref: 546KCBC/K-6/KPR/DS*

## മദ്യം: ഉദാരവത്കരണനീക്കം ആപത്കരം: ജാഗ്രതാസമിതി

കൊച്ചി: സംസ്ഥാനത്ത് ഓൺലൈൻ മദ്യവ്യാപാരം നടപ്പാക്കുന്നത് നിയമവിരുദ്ധവും അങ്ങേയറ്റം ആപത്കരവുമാണെന്ന് പിഒസിയിൽ ചേർന്ന കെസിബിസി ജാഗ്രതാസമിതിയുടെ യോഗം അഭിപ്രായപ്പെട്ടു. ഉത്പാദനവും വിതരണവും നിയമംമൂലം നിയന്ത്രിച്ചിട്ടുള്ള മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ നിയന്ത്രണത്തെ അപ്രസക്തമാക്കുന്നതാണ് പ്രസ്തുത നിർദേശം. സർക്കാർ സ്ഥാപനങ്ങൾതന്നെ ഇത്തരം ആശയങ്ങൾ മുമ്പോട്ടുവയ്ക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്.

നിയന്ത്രിത ഉല്പന്നങ്ങളുടെ വ്യാപാരം ഓൺലൈൻവഴി നടപ്പാക്കാൻ സർക്കാർ തയ്യാറായാൽ അത് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കും. അതിരുകടന്ന ഇത്തരം ഉദാരവത്കരണ ആശയങ്ങൾ തത്ത്വത്തിൽതന്നെ അപകടകരമാണ്. ഒരുവശത്ത് ബോധവത്കരണവും മറുവശത്ത് കച്ചവടസാധ്യതയിലും ലാഭക്കൊതിയിലും മാത്രം കണ്ണുനട്ടുള്ള നടപടികളും ഒരു സർക്കാരിനും ഭൂഷണമല്ല.

മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത്, സ്ത്രീപീഡനം, തീവ്രവാദം ഇവയെല്ലാം പരസ്പരം കൈകോർത്തു നില്ക്കുന്ന സാമൂഹിക തിന്മകളാണ്. ഇവയിൽ ചിലതിനെ പരസ്യമായും ചിലതിനെ രഹസ്യമായും പ്രോത്സാഹിപ്പിക്കുന്ന നടപടികളുണ്ടാകാതിരിക്കാൻ ഭരണാധികാരികളും സമൂഹവും ഒരുപോലെ ജാഗ്രത പുലർത്തണമെന്നും യോഗം അഭ്യർത്ഥിച്ചു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യൽ
ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ